# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7865 23.07.2012 -ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ഗവൺമെന്റ് കോളേജിലെ അക്രമം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കെ. കുഞ്ഞിരാമൻ (ഉദുമ) | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) കാസർഗോഡ് ഗവൺമെന്റ് കോളേജിൽ 2012 ജൂലായ് 3, 4 തീയതികളിൽ എസ്.എഫ്.ഐ. പ്രവർത്തകർക്കെതിരെ ഉണ്ടായ ആക്രമണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ആക്രമണത്തിനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ ; | (ബി) കോളേജ് ക്യാന്റീനിൽ വച്ച് മൂന്നാം വർഷ ബി.എ. വിദ്യാർത്ഥിനിയും കോളേജ് മാഗസിൻ എഡിറ്ററും എസ്.എഫ്.ഐ. ജില്ലാ കമ്മറ്റിയംഗവുമായ കദീജത് സുഹൈലയെയും കോളേജ് യൂണിറ്റ് സെക്രട്ടറി ശ്രീജിത്തിനെയും പൂർവ്വ വിദ്യാർത്ഥികളും എം. എസ്. എഫ് പ്രവർത്തകരും ചേർന്ന് കളിയാക്കുകയും അസഭ്യം വിളിക്കുകയും ചെയ്തതാണ് കാരണമായി പറഞ്ഞിട്ടുള്ളത്. |
| സി) ആക്രമണത്തിൽ എസ്.എഫ്.ഐ. പ്രവർത്തകരായ എത്ര കുട്ടികൾക്ക് പരിക്ക് പറ്റിയിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ; | (സി) നാല് കുട്ടികൾ കാസർഗോഡ് ചൈത്രം ആശുപത്രിയിൽ പരിക്കേറ്റതിന് ചികിത്സ തേടിയിട്ടുണ്ട്. കദീജത് സുഹൈല, ശ്രീജിത്ത്, എസ്.എഫ്.ഐ. കോളേജ് യൂണിറ്റ് പ്രസിഡന്റ് സനത്, എസ്.എഫ്.ഐ. പ്രവർത്തകയായ സ്നേഹ എന്നിവരാണ് ചികിത്സ തേടിയത്. |
| ഡി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഏതൊക്കെ വകുപ്പുകൾ ഉൾപ്പെടുത്തിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; ആരൊക്കെയാണ് പ്രതികൾ ; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ; | (ഡി) ഇതു സംബന്ധിച്ച് 2 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ നമ്പരും സെക്ഷനും പ്രതി വിവരവും ചുവടെ ചേർക്കുന്നു.<br><br>1. കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നം. 819/12 u/s 143, 147, 149, 294 (b) 506 (ii) IPC. പൂർവ്വ വിദ്യാർത്ഥികളായ അസീസ് കളത്തൂർ, മജീദ്, ഇർഷാദ് എന്നിവരും മറ്റ് 4 പേരുമാണ് ഈ കേസിലെ പ്രതികൾ. ഇതിൽ 3 പേരെ അറസ്റ്റു ചെയ്തു. |

2. കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നം. 823/12 u/s 143, 147, 148, 149, 341, 324, 354, 308 IPC. നവാസ്, താഹ, അർഷാദ്, സത്താർ, ഉമ്മർ, ഇജാസ്, ഫയാസ്, മുർഷിദ് എന്നീ എം.എസ്.എഫ്. വിദ്യാർത്ഥികളാണ് ഈ കേസിലെ പ്രതികൾ. ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

ഇ) കാസർഗോഡ് ഗവൺമെന്റ് കോളേജിൽ പഠനം പൂർത്തിയാക്കിയ പൂർവ്വ വിദ്യാർത്ഥികളായ എം. എസ്. എഫ്. പ്രവർത്തകർ കോളേജ് പ്രവൃത്തി സമയത്ത് കോളേജിൽ സൈര്യവിഹാരം നടത്തുന്നതും പെൺകുട്ടികളെ കമന്റടിക്കുന്നതും പ്രതികരിക്കുന്നവരെ ഭീഷണിപ്പെടുത്തുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഇ) എം.എസ്.എഫ്. പ്രവർത്തകർ ഉൾപ്പെടെയുള്ളവർ അപ്രകാരം ചെയ്യുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.

എഫ്) എങ്കിൽ ഇവരെ നിയന്ത്രിക്കുന്നതിനും കോളേജിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

എഫ്) ശക്തമായ പോലീസ് സാന്നിദ്ധ്യം ഏർപ്പെടുത്തിയിട്ടുണ്ട്. 10 പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന സേനാവിഭാഗത്തെ ഒരു വലിയ വാഹനത്തിൽ striking force ആയി എല്ലാ പ്രവൃത്തി ദിനങ്ങളിലും കോളേജിന് മുന്നിൽ നിയോഗിച്ച് വരുന്നുണ്ട്. ഇതു കൂടാതെ പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തുകയും മഫ്തി വേഷത്തിൽ പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിക്കുകയും ചെയ്തുവരുന്നു.

07.07.2012 -ന് ജനപ്രതിനിധികളും കോളേജ് അധികൃതരും പോലീസും ഉൾപ്പെട്ട ഒരു മീറ്റിംഗ് നടത്തി സമാധാനം നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ